**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 558** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ആര്യങ്കാവിലെ എക്സൈസ് ചെക്ക്പോസ്റ്റ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആര്യങ്കാവിൽ എക്സൈസ് ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിനായുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആര്യങ്കാവിൽ എക്സൈസ് ചെക്ക്പോസ്റ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടില്ല.

**(ബി)** പ്രസ്തുത എക്സൈസ് ചെക്പോസ്റ്റ് നിർമ്മിക്കുന്നതിനായി ആര്യങ്കാവ് വില്ലേജിൽ റവന്യൂ പുറംപോക്ക് സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റ് നിർമ്മിക്കുന്നതിനായി ആര്യങ്കാവ് വില്ലേജിൽ ആര്യങ്കാവ് ബ്ലോക്കിൽ സർവ്വേ നമ്പർ. 354/07-ൽ ഉൾപ്പെട്ട 40 സെന്റ് റവന്യൂ പുറംപോക്ക് സ്ഥലം എക്സൈസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കായി കൊല്ലം ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**